




**ഗാന്ധിജിയും നാരായണഗുരുവും രണ്ടുപേർക്കും ബോദ്ധ്യമുള്ള സത്യങ്ങൾ ഉദ്ധരിച്ചുക്കൊണ്ട് അന്വേഷകരെ സുനിശ്ചിതമായ അറിവിലേയ്ക്ക് നയിക്കുകയായിരുന്നു എന്ന് കെ.പി.എ. റഹീം**

# ഗാന്ധിയും നാരായണഗുരുവും

**ഭാരതം** ജ്ഞാനികളുടെ നാടാണ്. സമന്വയദർശനത്തിന്റെ പ്രകാശം പരത്തിയ മഹർഷിമാരുടെ നാട്. രവീന്ദ്രനാഥ ടാഗോറും മഹാത്മാഗാന്ധിയും ശ്രീനാരായണഗുരുവിനെ സന്ദർശിച്ചപ്പോൾ ആ മഹാജ്ഞാനിയുമായി അവർ സംസാരിച്ചത് ഭാരതം എന്നും ഉയർത്തിപ്പിടിച്ച ഏകത്വദർശനം സംബന്ധിച്ചായിരുന്നു. അദ്വൈതാദർശമാണ് തേജസ്വികളായ ഭാരതീയരിൽ പലരുടെയും ദർശന സമാനതകൾക്ക് മുഖ്യഹേതുവെന്ന് ഇത്തരം അനുഭവങ്ങളിൽ നിന്ന് വ്യക്തമാവുന്നു.

സ്വതന്ത്ര ഇന്ത്യയുടെ സമഗ്ര മോചനം ലക്ഷ്യമാക്കി മഹാത്മജി അവതരിപ്പിച്ച നിർമ്മാണ പരിപാടിയിലെ ആദ്യത്തെ മൂന്ന് ഇനങ്ങൾ മതമൈത്രി, അയിത്തോച്ചാടനം, മദ്യനിരോധനം എന്നിവയാണല്ലോ. നവോത്ഥാന നായകനായ ജ്ഞാനി എന്ന നിലയിൽ നാരായണഗുരു കേരളീയ സമൂഹത്തിൽ പ്രചരിപ്പിച്ചുക്കൊണ്ടിരുന്ന മുഖ്യ ആശയങ്ങളും ഇവ തന്നെ. ഗുരുവും മഹാത്മജിയും തമ്മിലുള്ള ഇത്തരം സമാനതകൾ സ്വാഭാവികം.

നാരായണഗുരു പല മതസാരവും ഏകം എന്നു പഠിപ്പിച്ചു. മഹാത്മാഗാന്ധി സർവ്വധർമ്മ സമഭാവം എന്ന ആദർശം പ്രചരിപ്പിച്ചു. രണ്ടിന്റെയും പൊരുൾ ഒന്നു തന്നെ. സൂക്ഷ്മമറിഞ്ഞവന് മതം പ്രമാണം അല്ലെന്നും മതത്തിന് സൂക്ഷ്മജ്ഞാനി പ്രമാണം ആണെന്നും ഗുരു ഓർമ്മിപ്പിച്ചു. വിവിധ മതങ്ങൾ പ്രബോധനം ചെയ്ത പ്രവാചകൻമാർക്ക് അവലംബമായി വർദ്ധിച്ച സൂക്ഷ്മ ജ്ഞാനം അഭിന്നമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സ്വന്തം വിശുദ്ധികൊണ്ട് തങ്ങൾക്ക് തെളിഞ്ഞുകിട്ടിയ സുക്ഷ്മ ജ്ഞാനത്തിലേയ്ക്ക് സഹജരെ എത്തിക്കുന്നതിന് വേണ്ടി സദാചാരവും ധ്യാനവും ഇതര പരിശീലനങ്ങളും ഉപദേശിക്കുക മാത്രമാണ് ആചാര്യന്മാർ ചെയ്തത്. പൊരുളറിഞ്ഞ് ആചരിക്കുമെന്ന പ്രതീക്ഷയോടെ ഉപദേശിക്കപ്പെട്ട ചടങ്ങുകൾ പലതും പിൽക്കാലത്ത് ചൂഷണോപാധികളായിതീർന്നു. വിദ്യകൊണ്ട് സ്വതന്ത്രരാകുവിൻ എന്ന ഗുരുവിന്റെ ആഹ്വാനം ഇക്കാരണത്താൽ അതീവ പ്രസക്തം.

അരുവിപ്പുറം പ്രതിഷ്ഠയെ തുടർന്നുള്ള നാരായണഗുരുവിന്റെ വിളംബരം ഇങ്ങനെ. ജാതിഭേദം, മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്.

'ജാതിഭേദം', 'മതദ്വേഷം' എന്നീ പ്രയോഗങ്ങൾ ഗൗരവപൂർവ്വം പരിശോധിക്കേണ്ടതുണ്ട്. മനുഷ്യർ, തങ്ങൾ പരസ്പരം സോദരരാണെന്ന അറിവോടെ ഭൂമിയിൽ വാഴണം. അത് സാധ്യമാവണമെങ്കിൽ തങ്ങൾ മാനവ സമൂഹം എന്ന ഏകജാതിയിലെ അംഗങ്ങളാണെന്നും, തങ്ങൾക്കിടയിൽ വ്യത്യസ്ത ജാതികളില്ലെന്നും അവർ പഠിച്ചിരിക്കണം. ജാതികൾ ആവാം അവതമ്മിൽ വൈരമില്ലാതെ ഇരുന്നാൽ മതി എന്നല്ല, പ്രത്യുത, ജാതിഭേദം കേവലം അരുത് എന്നാണ് ഗുരു ഓർമ്മിപ്പിച്ചത്. എന്നാൽ ഭൂമുഖത്ത് പല മതങ്ങൾ ഉണ്ടെന്നും, അക്കാരണത്താൽ പല മത സമൂഹങ്ങളുണ്ടെന്നും, മതവൈവിധ്യം ഒരനിവാര്യതയാണെന്നും ഗുരു വ്യക്തമാക്കി. അതുക്കൊണ്ട് മതങ്ങൾ തമ്മിൽ വിദ്വേഷമരുത് എന്ന് ഗുരു ഉപദേശിച്ചു.


'അജ്ജാതി രക്തത്തിലുണ്ടോ
അസ്ഥി, മജ്ജാ അതുകളിലുണ്ടോ
ചണ്ഡാലിതൻ മെയ് ദ്വിജന്റെ ബീജ
പിണ്ഡത്തിന്നൂഷരമാണോ'

എന്ന മഹാകവി കുമാരനാശാന്റെ 'ചണ്ഡാലഭിക്ഷുകി' യിലെ ചോദ്യങ്ങൾ ഗുരുവിന്റെ ജാതിനിഷേധ സന്ദേശങ്ങൾ വഹിക്കുന്നു എന്ന് വ്യക്തം. ഗുരു തീവണ്ടിയിൽ സഞ്ചരിക്കവേ സഹയാത്രികനായ ഒരു നമ്പൂതിരി അദ്ദേഹത്തോട് പേരെന്താണെന്ന് അന്വേഷിച്ചു. 'നാരായണൻ' എന്ന് ഗുരു മറുപടി നല്കി. അടുത്ത ചോദ്യം 'ജാതിയിൽ ആര്' എന്നായിരുന്നു. മറുപടി പറയാതെ ഗുരു ചോദിച്ച മറു ചോദ്യം ഇങ്ങനെ, ''കണ്ടിട്ട് എന്ത് മനസിലാവുന്നു.'' നമ്പൂതിരി ''കണ്ടിട്ട് ഒന്നും മനസിലാകുന്നില്ല'' എന്ന് പറഞ്ഞു. ഗുരു പറഞ്ഞു, ''കണ്ടിട്ട് മനസ്സിലാവത്തവർക്ക് കേട്ടാലും മനസ്സിലാവില്ല.'' 'ആരുനീ എന്ന് എനിക്ക് കേൾക്കണ്ടാ, നേര് മെയ് തന്നെ ചൊൽകയാൽ' എന്ന് ഗുരു മുന്നറിയിപ്പ് നൽകിയതും ഇവിടെ സ്മരണാർഹമാകുന്നു. ജാതിരഹിത സമൂഹം എന്ന അദ്ദേഹത്തിന്റെ കാഴ്ചപ്പാട് അസന്നിഗ്ദമാണെന്നും ഓർക്കുക എന്നാൽ മഹാത്മജി ജാതിവ്യവസ്ഥയെ കേവലം അംഗീകരിക്കുകയും ന്യായീകരിക്കുകയും ചെയ്തു എന്ന ധാരണ ഇപ്പോഴും പ്രചരിക്കുന്നു. അക്കാരണത്താൽ അദ്ദേഹത്തിനെതിരെ ചിലകേന്ദ്രങ്ങളിൽ നിന്ന് ആക്ഷേപങ്ങൾ ഉയരുകയും ചെയ്യുന്നു. അധ:സ്ഥിതരുടെ മോചനത്തിനും അസ്പൃശ്യതയുടെ നിഷ്കാസനത്തിനുവേണ്ടി മഹാത്മജി സഹിച്ച ത്യാഗങ്ങൾ നിസ്തുലം. എന്നിട്ടും അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധി സംശയിക്കപ്പെടുന്നു. ഇത് അക്ഷന്തവ്യമായ കൃതഘ്നത.

മഹാത്മജിയുടെ സത്യാന്വേഷണ രീതിയെ സംബന്ധിച്ചുള്ള അപര്യാപ്തമായ ധാരണയോ പരിതാപകരമായ അജ്ഞതയോ ആണ് അദ്ദേഹം തെറ്റിദ്ധരിക്കപ്പെടുന്നതിന്റെ ഹേതു. മഹാത്മജി മുൻവിധിയില്ലാത്ത സത്യാന്വേഷകനാണ്. അന്വേക്ഷണത്തിന്റെ വിവിധ ഘട്ടങ്ങളിലെ സ്വന്തം ബോദ്ധ്യങ്ങൾ ധീരമായും പരസ്യമായും പ്രഖ്യാപിക്കുന്ന സത്യസന്ധനുമാണദ്ദേഹം. കാരണം അദ്ദേഹത്തിന്റെ വിധേയത്വം സത്യത്തോട് മാത്രമാണ്. വായനക്കാർക്ക് ചിന്താകുഴപ്പം ഇല്ലാതിരിക്കാനായി തന്റെ അടിസ്ഥാന കൃതികളിൽ ചിലതിന്റെ ആമുഖത്തിൽ അദ്ദേഹം ഒരു വസ്തുത വ്യക്തമാക്കുന്നുണ്ട്. അത് ഇപ്രകാരം സംക്ഷേപിക്കാം. തന്റെ വിധേയത്വം സത്യത്തോട് മാത്രമാകയാൽ വ്യത്യസ്ത വിഷയങ്ങൾ സംബന്ധിച്ചുള്ള വ്യത്യസ്ത ഘട്ടങ്ങളിലെ സ്വന്തം ബോദ്ധ്യങ്ങൾ പരസ്പരം പൊരുത്തപ്പെട്ടിരിക്കണമെന്ന നിഷ്കർഷ ഗാന്ധിജിക്കില്ല. അതുകൊണ്ട് ഏതെങ്കിലും വിഷയം സംബന്ധിച്ച് രണ്ടുഘട്ടങ്ങളിൽ അദ്ദേഹം വെളിപ്പെടുത്തിയ ബോദ്ധ്യങ്ങൾ തമ്മിൽ പൊരുത്തക്കേടുണ്ടങ്കിൽ താരതമ്യേന വൈകിപ്പറഞ്ഞതാണ് കൂടുതൽ ശരിയെന്ന് വായനക്കാർ തിരിച്ചറിയണം. ജാതി സംബന്ധിച്ചും മഹാത്മാവിന്റെ കാഴ്ച്ചപ്പാടിൽ പ്രകാശോന്മുഖമായ പുതിയ ബോദ്ധ്യങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നുവെന്ന് ഗാന്ധി ചരിത്രം സത്യസന്ധമായി പഠിക്കുന്നവർക്ക് മനസ്സിലാകും.

മഹാത്മജി വർണ്ണാശ്രമധർമ്മം അഗീകരിച്ചുവെന്നത് സത്യം (ആശ്രമങ്ങൾ സംബന്ധിച്ച് വിവാദമില്ലായ്കയാൽ വർണ്ണം സംബന്ധിച്ചുമാത്രം പറയട്ടെ). വർണ്ണ വ്യവസ്ഥയുടെ ദുരുപയോഗത്തെയും അതുമൂലമുണ്ടായ അന്യായങ്ങളെയും മഹാത്മജി ധർമ്മരോഷത്തോടെ ചെറുത്തുവെന്നതും സത്യം. 'ചാതുർവർണ്യം മയാസൃഷ്ടം ഗുണകർമ്മവിഭാഗശ:' എന്ന പ്രസ്താവം ഗാന്ധിജിയുടേതല്ല. അത് ഗീതകർത്താവിന്റേതാണ്. ഭഗവാൻ കൃഷ്ണൻ അങ്ങനെ പറയുന്നതായി വ്യാസൻ പഠിപ്പിക്കുകയാണ്. ഗീത മഹാത്മജിയ്ക്ക് അമ്മയാണെന്നും ഓർക്കുക. വാഗ്ഭടാനന്ദ ഗുരുവിന്റെ 'ആത്മവിദ്യ' എന്ന പ്രാമാണിക ഗ്രന്ഥത്തിന് ഒയ്യാരത്ത് കുഞ്ഞുരാമ മേനോൻ എഴുതിയ അവതാരികയിലെ പ്രസക്തഭാഗം ഉദ്ധരിക്കുന്നു. ചാതുർവർണ്യം ഏത് ഉദ്ദേശ്യത്തോടെ നിലവിൽവന്നുവെന്ന് മനസ്സിലാക്കുന്നതിന് അത് പ്രയോജനപ്പെടും. ഒപ്പം, എന്തുകൊണ്ട്, ഏത് നിബന്ധനകളോടെ ആ വ്യവസ്ഥ അംഗീകരിക്കാൻ ഗാന്ധിജിക്ക് തോന്നിയെന്നു പഠിക്കാനും അത് ഉതകും. ''പ്രാചീന കാലങ്ങളിലും ജാതിനിർണ്ണയം ഉണ്ടായിരുന്നതായ ശ്രുതി പുരാണേതിഹാസങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അത് ജനനപാര്യമ്പര്യ പ്രകാരം അല്ലെന്നും ഗുണകർമ്മങ്ങൾക്ക് അനുസരിച്ചാണെന്നും ശ്രുത്യാദികളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ചാതുർവർണ്യം മയാസൃഷ്ടം ഗുണകർമ്മവിഭാഗശ: എന്ന് ഗീതാകർത്താവ് പറയുന്നു. ജനനാൽ ചാതുർണ്യമില്ലെന്നും ഗുണകർമ്മങ്ങളാണ് വർണ്ണകാരണങ്ങളെന്നും വജ്രസൂച്യുപനിഷത്തിൽ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. അനുലോമ പ്രതിലോമ വിവാഹങ്ങളിൽ നിന്ന് ജാതരായ പലരും ഗുണകർമ്മങ്ങൾക്ക് യോജിച്ച ജാതിയെയായിരുന്നു അവലംബിച്ചതെന്നും പിതൃ -മാതൃ പാരമ്പര്യത്തെ അനുസരിച്ചല്ലെന്നും തെളിയിക്കാൻ പുരാണേതിഹാസങ്ങൾ മുഖേന കഴിയുന്നതാണ്. സത്യവതിയിൽ പരാശര പുത്രനായി ജനിച്ച വ്യാസൻ ബ്രാഹ്മണനായും അതേ സത്യവതിയുടെ പുത്രൻമാരായ ചിത്രാംഗത വിചിത്ര വീര്യന്മാർ ക്ഷത്രിയ രാജാക്കൻമ്മാരായും ഗണിക്കപ്പെട്ടത് ഏതു ന്യായത്തിൻമേലാണെന്ന് ആലോചിക്കേണ്ടതാണ്.''

തൊഴിൽ വിഭജനം എന്ന അർത്ഥത്തിൽ മാത്രം ആരംഭിച്ച വർണ്ണവ്യവസ്ഥ പിൽക്കാലത്ത് മാനവ സമത്വത്തെ നിഷേധിക്കുന്ന ജാതി സമ്പ്രദായത്തിലേയ്ക്ക് അധ:പതിക്കുകയാണുണ്ടായത്. സമൂഹത്തിലെ ചില വിഭാഗ



**ഏതുമതവും ഈ സ്വയംസംസ്കരണ പ്രക്രിയ ആണ്. ഉപാസനാരീതികൾ വ്യത്യസ്ഥമായിരിക്കുമ്പോഴും മതാത്മക ജീവിതത്തിന്റെ അർത്ഥം അഭിന്നം. ധർമ്മാനുസൃതമായ ജീവിതം തന്നെയാണ് മതാത്മക ജീവിതം. അതുകൊണ്ട് പല മതസാരവുമേകം എന്ന അർത്ഥത്തിലാണ് നാരായണഗുരു മനുഷ്യരുടെ മതം ഒന്ന് എന്ന് പ്രസ്താവിച്ചത്. രീതികൾ പലത് പൊരുൾ ഒന്ന് എന്ന അർത്ഥത്തിൽ.**

ങ്ങൾ ചില തൊഴിലുകളിൽ ജന്മസിദ്ധമായ അഭിരുചിയും വൈദഗ്ധ്യവും പരമ്പരാഗതമായി പ്രകടിപ്പിക്കുകയാൽ അസ്പൃശ്യതയോ മറ്റ് ന്യായങ്ങളോ ഇല്ലാത്ത വിധത്തിൽ തൊഴിലടിസ്ഥാനത്തിലുള്ള വിഭജനം തുടരുന്നത് ശാസ്ത്രീയമല്ലേ എന്ന് മഹാത്മജി ചിന്തിച്ചു. ഒരു വിഭാഗം വിദഗ്ദമായി ചെയ്തു വരുന്ന തൊഴിൽ പരിശീലിക്കുകയും അതിൽ നൈപുണ്യം തെളിയിക്കുകയും ചെയ്യുന്ന മറ്റ് വിഭാഗങ്ങളിലെ അംഗങ്ങളെ മഹാത്മജി ശ്ലാഘിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അഭിരുചിയും വൈദദ്ധ്യവും കേവലം ജന്മജമല്ലെന്ന് അദ്ദേഹം വിശ്വസിച്ചുവെന്ന് അർത്ഥം. തൊഴിലുകൾക്കെല്ലാം തുല്യമായ മാന്യതയുണ്ടെന്ന് തിരിച്ചറിഞ്ഞു, തൊഴിൽ ഭേദത്തിന്റെ പേരിലുള്ള വിവേചനങ്ങളെ ചെറുത്തു തോൽപ്പിച്ചും വിവിധ വിഭാഗങ്ങൾ തമ്മിലുള്ള വിവാഹങ്ങളെ പ്രോത്സാഹിപ്പിച്ചും തൊഴിലധിഷ്ഠിത വിഭജനം സമൂഹത്തിന് ഗുണകരമാകും വിധം ഉപയോഗപ്പെടുത്തിക്കൂടെ എന്ന് ബാപ്പുജി ആലോചിച്ചു എന്നു മാത്രം. അദ്ദേഹത്തിന്റെ സാമൂഹ്യ പരിഷ്കരണ യത്നങ്ങളിൽ മിശ്രവിവാഹത്തിനുള്ള സ്ഥാനം നിസ്തുലം. ഒരു ഘട്ടം മുതൽ ഏതെങ്കിലും ബ്രാഹ്മണയുവാവിന്റെ വിവാഹച്ചടങ്ങിൽ പങ്ക്കൊള്ളുകയോ, വിവാഹത്തിന്റെ കാർമ്മികത്വം വഹിക്കുകയോ വേണമെങ്കിൽ വധു ഹരിജൻ വിഭാഗത്തിൽ നിന്നാവണമെന്ന് ബാപ്പുജി നിർബന്ധംപ്പിടിച്ചു. വർഷങ്ങൾക്ക് മുൻപ് തിരുനാവായ സർവ്വോദയ മേളയിലെ ഒരു സമ്മേളനത്തിൽ മഹാത്മജിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന മഹാദേവ ദേശായിയുടെ മകനും വിഖ്യാത ഗാന്ധിയൻ ചിന്തകനുമായ നാരായണൻ ദേശായി പ്രഭാഷണം നടത്തിയതും, അത് ഈ ലേഖകൻ ഇഗ്ലീഷിൽ നിന്ന് മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്തും ഓർക്കുന്നു. സ്വന്തം മകനെ എന്നതു പോലെ തന്നെ സ്നേഹിച്ചു പോന്ന മഹാത്മജി തന്റെ വിവാഹത്തിന് കാർമ്മികത്വം വഹിക്കുവാനോ, വിവാഹച്ചടങ്ങിലേയ്ക്ക് എത്തിച്ചേരാൻ പോലുമോ സന്നദ്ധനായില്ല. വധു ഹരിജൻ വിഭാഗത്തിലെ അംഗമല്ലായിരുന്നു എന്ന കാരണത്താൽ ആണ് അദ്ദേഹം വിവാഹച്ചടങ്ങിലേയ്ക്ക് വരാതിരുന്നതെന്ന് ദേശായി ആ പ്രഭാഷണത്തിൽ അനുസ്മരിച്ചു. എന്നാൽ മഹാത്മാവ് ദേശായിയെ തന്റെ അനുഗ്രഹാശിസ്സുകൾ ഒരു സന്ദേശം മുഖേന അറിയിക്കാൻ മറന്നില്ല.

ദക്ഷിണാഫ്രിക്കയിൽ താമസിച്ചിരുന്നപ്പോൾ തങ്ങളുടെ അതിഥിയായിരുന്ന ഒരു പഞ്ചമന്റെ മൂത്രപ്പാത്രം ചുമക്കാനും അത് വൃത്തിയാക്കാനും വിസമ്മതിച്ചതിന് സ്വപത്നി കസ്തൂർബായുമായി ശണ്ഠകൂടിയ മഹാത്മാവിൽ ജാതി ചിന്ത ആരോപിക്കുന്നവർ തങ്ങൾക്ക് അത്രത്തോളം ഉയരാൻ കഴിയുമോ എന്ന് സ്വയം ചോദിക്കാനെങ്കിലും തയ്യാറാവേണ്ടതാണ്. വർക്കലയിൽവച്ച് മഹാത്മാഗാന്ധിയും നാരായണ ഗുരുവും തമ്മിൽ നടന്ന സംഭാഷണം സുവിദിതം. ജാതി സംബന്ധിച്ച് ചർച്ച ചെയ്യവേ മഹാത്മജി അരികിലുണ്ടായിരുന്ന വൃക്ഷത്തിലേയ്ക്ക് വിരൽ ചൂണ്ടിക്കൊണ്ട് അതിലെ ഇലകൾക്ക് വലിപ്പ ചെറുപ്പമില്ലേയെന്ന് ചോദിക്കുകയുണ്ടായി. ഇലകൾക്ക് വലിപ്പ ചെറുപ്പമുണ്ടങ്കിലും അവ പിഴിഞ്ഞാൽ കിട്ടുന്ന നീരിന് വ്യത്യാസമില്ലല്ലോ എന്ന് ഗുരു പ്രതിവചിക്കുകയും ചെയ്തു. ഈ സംഭാഷണത്തെ മുൻനിർത്തി മഹാത്മജി മാനവ സമത്വം അംഗീകരിച്ചിരുന്നില്ല എന്ന് സ്ഥാപിക്കാൻ ചിലർ ശ്രമിക്കാറുണ്ട്. യഥാർത്ഥത്തിൽ പ്രസ്തുത സംഭാഷണത്തിൽ നിന്ന് വ്യാവഹാരിക ജീവിത്തിലെ വലിപ്പച്ചെറുപ്പങ്ങൾ സംബന്ധിച്ച് ഗുരുവിനും, സകലതിന്റെയും ആത്യന്തികസത്ത ഏകമാണെന്നത് സംബന്ധിച്ച് ഗാന്ധിജിയ്ക്കും നിശ്ചയമില്ല എന്ന് വെളിവുള്ള ആരെങ്കിലും പറയുമോ! രണ്ടു ജ്ഞാനികൾ, രണ്ടുപേർക്കും ബോദ്ധ്യമുള്ള സത്യങ്ങൾ ഉദ്ധരിച്ചുക്കൊണ്ട് അന്വേഷകരെ സുനിശ്ചിതമായ അറിവിലേയ്ക്ക് നയിക്കുകയായിരുന്നുവെന്ന് തിരിച്ചറിയുന്നതാണ് ഉചിതം. ചില തൊഴിലുകൾ വന്ദ്യവും, ചിലത് നിന്ദ്യവുമാണെന്ന മുൻവിധി തകർത്ത്, തൊഴിൽ വ്യത്യാസങ്ങൾ വിവാഹബന്ധങ്ങൾക്ക് തടസമാവില്ല എന്ന് ഉറപ്പുവരുത്തി ഇന്ത്യൻ സമൂഹത്തെ സമുദ്ധരിക്കുക എന്ന കൃത്യമാണ് മഹാത്മജി നിർവഹിച്ചത്. സ്വന്തം ധാരണകളിലെ പോരായ്മകൾ പരിശോധിച്ചും, അവ യഥാസമയങ്ങളിൽ തിരുത്തിയും പൂർണ്ണത തേടി സഞ്ചരിച്ച ഒരന്വേഷകന്റെ കഥയാണ് ഗാന്ധിജിയുടേത് എന്ന സത്യം വീണ്ടും ഓർമ്മിപ്പിക്കട്ടെ. അപ്പോൾ മുൻവിധി

യില്ലാത്ത പഠിതാക്കൾ എത്തിച്ചേരുന്ന നിഗമനം ഇപ്രകാരം ആകുമെന്ന് ഈ ലേഖകൻ കരുതുന്നു. 'സൃഷ്ടികളുടെ ഏകത, മാനവ സാഹോദര്യം എന്നിവ സംബന്ധിച്ചുള്ള ഗാന്ധിജിയുടെയും ഗുരുദേവന്റെയും ദർശനങ്ങൾ സമാന മാണെന്ന പ്രസ്താവം അപര്യാപ്തം. കാരണം അവരുടെ ദർശനം ഒന്നുത ന്നെ.'

ഗുരുവും ഗാന്ധിയും സ്വന്തം രീതി കളിൽ വെളിപ്പെടുത്തിയ മതദർശനം ഫലത്തിൽ ഒന്നുതന്നെ എന്നതും സ്വാഭാവികം. ഗുരു ഒരു ജാതി, ഒരുമ തം, ഒരുദൈവം മനുഷ്യന് എന്ന് പ്ര സ്താവിച്ചു. മതമേതയാലും മനു ഷ്യൻ നന്നായാൽ മതി എന്ന് പ്രസ്താ വിച്ചതും ഗുരുതന്നെ. ഈ പ്രസ്താവ ങ്ങൾ പരസ്പരം വിരുദ്ധമാണെന്ന് തോന്നാം. മനുഷ്യരുടെ ജാതി ഒന്ന് ദൈവം ഒന്ന്. എന്നാൽ മതങ്ങൾ പല താണെന്നും മതഭേദങ്ങൾ അനിവാര്യ മാണെന്നും ഗുരുതന്നെ പഠിപ്പിച്ചുവ ല്ലോ. അപ്പോൾ മനുഷ്യരുടെ മതങ്ങൾ ഒന്നുതന്നെ എന്ന് പറഞ്ഞത് എന്തു കൊണ്ട്. ഉത്തരം ലളിതം. മതം ലക്ഷ്യ മല്ല മാർഗ്ഗമാണ്. ലക്ഷ്യം സത്യമാണ്, ലക്ഷ്യപ്രാപ്തിക്കു വേണ്ടി മനുഷ്യർ പ്രയോജനപ്പെടുത്തേണ്ടവഴികളാണ് വിവിധ മതങ്ങൾ. മനുഷ്യർ സംശുദ്ധ മായ ജീവിതത്തിലൂടെ തങ്ങളിൽ അ ന്തർലീനമായ ദിവ്യത്വത്തെ സാക്ഷാത് കരിക്കണം. ഫലത്തിൽ ഏതുമതവും ഈ സ്വയംസംസ്കരണ പ്രക്രിയ ആ ണ്. ഉപാസനാരീതികൾ വ്യത്യസ്ഥമാ യിരിക്കുമ്പോഴും മതാത്മക ജീവിത ത്തിന്റെ അർത്ഥം അഭിന്നം. ധർമ്മാനു സൃതമായ ജീവിതം തന്നെയാണ് മതാ ത്മക ജീവിതം. അതുകൊണ്ട് പല മ തസാരവുമേകം എന്ന അർത്ഥത്തിലാ ണ് നാരായണഗുരു മനുഷ്യരുടെ മതം ഒന്ന് എന്ന് പ്രസ്താവിച്ചത്. രീതികൾ പലത് പൊരുൾ ഒന്ന് എന്ന അർത്ഥ ത്തിൽ.

മഹാത്മജി സ്വജീവിതത്തിന്റെ സ മസ്തമുഖങ്ങളിലും പുലർത്തിപ്പോരു ന്ന ഒരു മതപരതയുണ്ട്. എന്നാൽ അ ത് ഹിന്ദുമതമോ, ക്രിസ്തുമതമോ, ഇ സ്ലാം മതമോ മറ്റേതെങ്കിലും മതമോ അല്ലെന്ന് അദ്ദേഹം വ്യക്തമാക്കിക്കൊ ണ്ടിരുന്നു. അത് ഔപചാരിക മതമല്ല, സാമ്പ്രദായിക മതമല്ല, വിഭാഗീയ മത മല്ല എന്നും അദ്ദേഹം പ്രസ്താവിച്ചു. മതമെന്ന വ്യാജേന വ്യാപരിക്കുന്ന ധർമ്മ വിരുദ്ധമായ സകലതിനെയും അദ്ദേഹം തള്ളിപ്പറഞ്ഞു. മതങ്ങളുടെ യെല്ലാം അന്തഃസത്ത ധാർമ്മികതയാ ണെന്നും, സകല ധാർമ്മികതകളുടെ യും അന്തഃസാരം സത്യമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ചുരുക്ക ത്തിൽ നന്മപാലിച്ചും തിന്മ വർജ്ജി ച്ചും സ്വജീവിതത്തെ വിശുദ്ധീകരിക്ക ലാണ് മതം. മഹാത്മജി ജീവിതത്തി ലുടനീളം പാലിച്ചത് എല്ലാ മതങ്ങളു ടെയും അന്തർധാരയായി വർത്തിക്കു ന്ന ഈ അടിസ്ഥാന മതം മാത്രം. ആ പേക്ഷിക സത്യങ്ങൾ പാലിച്ചുകൊണ്ട് കേവല സത്യത്തെ തേടുകയായിരു ന്നു അദ്ദേഹം. പരമനിർമ്മലനായ ദൈവത്തെ (പരമസത്യത്തെ) പ്രാപി ക്കേണ്ടത് സ്വയം നിർമ്മലനായിക്കൊ ണ്ട് മാത്രം. മതങ്ങളുടെയെല്ലാം അന്ത ശ്ചൈതന്യം ഇതു തന്നെ. അതുകൊ ണ്ട് അദ്ദേഹം എല്ലാ മതങ്ങളെയും തു ല്ല്യമായി ആദരിക്കാൻ ആവശ്യപ്പെട്ടു. ഈ ആദർശം സർവ്വ ധർമ്മസമഭാവം എന്ന് അറിയപ്പെടുന്നു. എല്ലാവരും ആത്മാവിൽ ഒന്ന്, അതുകൊണ്ട് എ ല്ലാവരുടെയും ലക്ഷ്യം എല്ലാവരുടെ യും ക്ഷേമമാവണം. ഈ സത്യം ഓർമ്മിപ്പിക്കുന്ന ഈശാവാസ്യോപനി ഷത്ത് മഹാത്മജിക്ക് പ്രിയങ്കരം. നാരാ യണഗുരു വിവർത്തനം ചെയ്ത ഏക ഉപനിഷത്തും ഈശാവാസ്യം തന്നെ.

# എനിക്ക് അനുഭവപ്പെട്ട ഗാന്ധി

**ഡോ. പി.എസ്. പണിക്കർ,** സാമൂഹികപ്രവർത്തകൻ, പാലക്കാട്

വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും എന്നെ ഏറെ സ്വാധീനിച്ച ത് ഗാന്ധിജിയാണ്. എന്റെ ജീവിതം രൂപപ്പെട്ടതിൽ അദ്ദേഹത്തിന് ബൃഹത്താ യ പങ്കുണ്ട്. ഗാന്ധിജിയുടെ ലളിതജീവിതവും സത്യസന്ധതയും ആത്മധൈ ര്യവും നിഷ്കളങ്കതയും അദ്ദേഹത്തിന്റെ സാമ്പത്തിക രാഷ്ട്രീയ പാരിസ്ഥി തിക ദർശനങ്ങളും ഒക്കെ എന്നെ ജീവിതത്തിൽ ഉടനീളം സ്വാധീനിച്ചിട്ടുണ്ട്. ഒരു ജോഡി മെതിയടിയും ഒരു പോക്കറ്റ് വാച്ചും കണ്ണടയുമായിരുന്നല്ലോ അ ദ്ദേഹത്തിന്റെ അവസാന ബാങ്ക് ബാലൻസ്. ജീവിതത്തിലെ മിതത്വവും സാ മ്പത്തിക അച്ചടക്കവുമൊക്കെ എന്നെ വളരെയേറെ പഠിപ്പിച്ചു. അദ്ദേഹം ലോ കത്തിന് നൽകിയ മഹത്തായ സംഭാവനയായ അഹിംസാത്മക സമരമാതൃക കളും എന്നെ ആകർഷിച്ചിട്ടുണ്ട്. രാഷ്ട്രീയ കക്ഷികളും ഭരണകൂടവും ജനവി രുദ്ധ നയങ്ങൾ കൈകൊള്ളുമ്പോൾ ഗാന്ധിയൻ അഹിംസാത്മക സമരങ്ങൾ ക്ക് കൂടുതൽ സ്വീകാര്യത ലഭിക്കുന്നു. പ്ലാച്ചിമടയിലെ ജല ചൂഷണത്തിനും മണൽ മാഫിയയുടെ മണൽകൊള്ളക്കും ഇരുമ്പുരുക്ക് ഫാക്ടറികളുടെ മലി നീകരണത്തിനും വനംകൊള്ളക്കും, റെയിൽവെ, കോച്ച് ഫാക്ടറിയുടെ കു ടിയിറക്കിനും എതിരെയുള്ള ജനകീയസമരങ്ങളിൽ ഗാന്ധിയൻ രീതിയിലു ള്ള സഹനസമരങ്ങളാണ് എനിക്ക് കരുത്തേകിയത്. നേരെമറിച്ച് ഇവ ഹിം സാത്മകമായിരുന്നെങ്കിൽ ഭരണകൂടത്തിൽ നിഷ്പ്രയാസം അടിച്ചൊതുക്കാൻ കഴിയുമായിരുന്നു എന്നതിൽ ലവലേശം സംശയമില്ല.

**കെ.വി. ബിജു,** സ്വദേശി ജാഗരൺ മഞ്ച്, കേരളം

89–90 കാലഘട്ടത്തിൽ ആണ് ഞാൻ ഗാന്ധി സാഹിത്യങ്ങൾ വായിക്കുന്നത്. അന്നുമുതൽ പരമാവധി ഖാദി കൈത്തറി വസ്ത്രങ്ങൾ ധരിക്കുകയും സ്വദേ ശി ഉൾപ്പന്നങ്ങൾ ഉപയോഗിക്കുകയും ചെയ്തു. പിന്നീട് സ്വദേശി ജാഗരൺ മഞ്ചിന്റെ പ്രവർത്തനത്തിൽ വന്നപ്പോൾ ആഗോളവൽക്കരണത്തിനെതിരായ ഏ റ്റവും ശക്തമായ ആശയതലം ഉണ്ടാക്കിയത് ഗാന്ധിജിയാണ് എന്ന തിരിച്ചറി വുണ്ടായി. ബ്രിട്ടീഷുകാർ തകർത്ത സമ്പദ്‌വ്യവസ്ഥ പുനരുദ്ധരിക്കാൻ ഗാ ന്ധിജിയുടെ ഖാദി പ്രചരണവും പ്രവർത്തനങ്ങളുമാണ് ആഗോളവൽക്കരണ കാലത്തെയും ഏറ്റവും അനുയോജ്യമായ പ്രവർത്തനം. ബദൽ സമ്പദ്‌വ്യവ സ്ഥയുടെ ബദൽ സമ്പദ്‌വ്യവസ്ഥയുടെ രൂപീകരണവും ബഹിഷ്കരണവും ഇന്നും ഏറെ പ്രസക്തം. "A small body of determinded spirits fired by an unquenchable faith in their mission, can alter the course of history" എ ന്ന ഗാന്ധിജിയുടെ വാചകത്തിൽ വിശ്വസിച്ച് പ്രവർത്തിക്കുന്നു. ഇന്നത്തെ ലോകത്തിന്റെ എല്ലാപ്രശ്നങ്ങൾക്കും ഉത്തരം ഗാന്ധിയാണ്.